26

# പൗലൊസിന്റെ നാലു വർഷത്തെ തടവ്

## ഏ.ഡി. 58- 63 (പ്രവൃത്തികൾ 21:27- 28:31)

**I. യെരുശലേമിലെ അവന്റെ തടവ്. (പ്രവൃത്തികൾ 21:27-23:30.)**

അടുത്ത രു വർഷങ്ങളിൽ യെരുശലേമിലും കൈസര്യയിലും നടക്കുന്ന സംഭവങ്ങളെ പൗലൊസിന്റെ പ്രസംഗ പരമ്പരകളായി തിരിക്കാവുന്നതാണ്.

**1. ജനക്കൂട്ടത്തോടുള്ള അവന്റെ പ്രസംഗം.** - ജനക്കൂട്ടം വളരെ പെട്ടെന്നു പൗലൊസിനോടൊത്തു പ്രവർത്തിച്ചു; എന്നാൽ, അവർ അവനെ, ദൈവാലയത്തിനു പുറത്തേക്കു വലിച്ചിഴച്ചു കൊുപോയപ്പോൾ, സഹസ്രാധിപൻ പടയാളികളുടെ സന്നാഹങ്ങളോടുകൂടി വന്നു, അവനെ രക്ഷിച്ചു. ജനക്കൂട്ടത്തോടു സംസാരിക്കുവാനുള്ള അനുവാദം ലഭിച്ചപ്പോൾ, അവൻ അവരുടെ ഭാഷയിൽ സംസാരിച്ചു. പൗലൊസിന്റെ പരിവർത്തനം രാമതു വിവരിക്കുന്നതായിരുന്ന ആ കോണിപ്പടിയിൽ നിന്നുള്ള പ്രസംഗം (*ഒ.വാ.* പ്രവൃത്തികൾ 9:1-18). യെഹൂദന്മാരോടു സ്വാഭാവികമായി സംസാരിക്കുമ്പോൾ, അവൻ തന്റെ എബ്രായരക്തവും വിദ്യാഭ്യാസവും, മുൻപു ക്രിസ്ത്യാനികളോടുായിരുന്ന വിരോധവും, താൻ എങ്ങനെ യേശുക്രിസ്തുവിന്റെ ശിഷ്യനും അപ്പൊസ്തലനും ആയി എന്നും പ്രസംഗിക്കയുായി. ഉദ്യോഗസ്ഥൻ അവനെ കോട്ടയിലേക്കു കൊു പോകേതായിരുന്നു, ജാതികളോടുള്ള അവന്റെ ദൗത്യത്തെകുറിച്ചു അവൻ പറയുന്നതുവരെ അവർ കേട്ടുകൊിരുന്നു. അവിടെവെച്ച് ചാട്ടവാറടി ഏല്ക്കാതിരിപ്പാൻ പൗലൊസ് തന്റെ റോമാ പൗരത്വം വെളിപ്പെടുത്തി.

**2. ന്യായാധിപസഭയുടെ മുമ്പാകെ അവന്റെ പ്രസംഗം.** - അടുത്ത ദിവസം, പൗലൊസിന്റെ മേൽ ചുമത്തപ്പെട്ട കുറ്റം അറിയുവാൻ, അവനെ യെഹൂദന്മാരുടെ ന്യായാധിപസഭയുടെ മുൻപാകെ കൊുവന്നു. ന്യായാധിപസഭയുടെ മുൻപാകെ പ്രസംഗിക്കുവാൻ പൗലൊസ് തയ്യാറായി; എന്നാൽ അവനെ അടിപ്പിക്കുവാൻ മഹാപുരോഹിതൻ കല്പന കൊടുത്തതുകൊ് നല്ല ഒരു വിചാരണ കേൾക്കും എന്ന് അവനു ചെറിയ ഒരു ആശ ഉായിരുന്നു. പരീശന്മാരുടെ ഉപദേശത്തിൽ വേരൂന്നി, പുനരുത്ഥാനത്തെകുറിച്ചു പറഞ്ഞു, സദൂക്യരുടെ അപ്രീതി നേടിയാലും, അവന്റെ സ്വന്ത വിഭാഗമായ പരീശന്മാരുടെ പ്രീതി നേടാമെന്നു കരുതി. ഉടനെ ന്യായാധിപസഭയിൽ തർക്കമുായി. പുരുഷാരം പൗലൊസിനെ ചീന്തിക്കളയാതിരിക്കുവാൻ, സഹസ്രാധിപൻ ഒരിക്കൽകൂടെ വാതിൽ അടച്ചു. നിരാശരായ ആളുകൾ പൗലൊസിനെ വകവരുത്തുവാൻ ഗൂഢാലോചന നടത്തുന്നതായി പൗലൊ സിന്റെ അനന്തരവൻ വെളിപ്പെടുത്തി, ഉദ്യോഗസ്ഥൻ രാത്രിയിൽ തന്നെ പൗലൊസിനെ പടയാളികളുടെ അകമ്പടിയോടെ കൈസര്യയിലേക്കു അയച്ചു.

## II. കൈസര്യയിലെ അവന്റെ തടവ്. (പ്രവൃത്തികൾ 23:31-26:32.)

**1. ഫെലിക്സിനുമുൻപാകെ അവന്റെ പ്രതിരോധം.** – പൗലൊസിന്റെ ശത്രുക്കളെ തടയുവാൻ കഴിഞ്ഞില്ല. അഞ്ചു ദിവസം കഴിഞ്ഞ് മഹാപുരോഹിതൻ കൈസര്യയിലേക്ക് വ്യവഹാരജ്ഞനായ തത്തുല്ലോസുമായി, നാടുവാഴിയിൽ നിന്ന് പൗലൊസിനുള്ള ശിക്ഷ ഉറപ്പു വരുത്തുവാൻ പോയി. തത്തുല്ലോസ് വായ് തുറന്ന് ഫെലിക്സിനെ പ്രശംസിച്ചുകൊും പൗലൊസിനെ കുറ്റപ്പെടുത്തിക്കൊും സംസാരിച്ചു. പൗലൊസ് തന്റെ പുരുഷത്വമാന്യത വെച്ചുകൊ് തന്നിൽ അടിച്ചേൽപ്പിച്ച രാജ്യദ്രോഹകുറ്റം നിഷേധിച്ചു, എന്നാൽ പുനരുത്ഥാനത്തിലുള്ള തന്റെ വിശ്വാസം സ്ഥിരീകരിക്കുകയും ചെയ്തു. പൗലൊസിന്റെ നിരപരാധിത്വം, ഫെലിക്സിനു ബോധ്യമായി, എന്നാൽ യെഹൂദന്മാർക്ക് ഇടർച്ച വരുത്താതിരിപ്പാൻ, അവൻ കേസ് നീട്ടിവെച്ചു.

**2. ഫെലിക്സിനു മുൻപിൽ അവന്റെ പ്രസംഗങ്ങൾ.** – എമസാ രാജാവായിരുന്ന, അസീസൂസിന്റെ ഭാര്യയായ, ദ്രുസില്ലയെ ആയിരുന്നു ഫെലിക്സ് വിവാഹം കഴിച്ചിരുന്നത്. അവൾ ഹെരോദാവു അഗ്രിപ്പാവു I-ന്റെ മകൾ ആയിരുന്നു, ആത്മാർത്ഥതയുള്ള ഹെരോദാവുമായിരുന്നു. അവളുടെ ആകാംക്ഷ തൃപ്തിപ്പെടുത്തുവാൻ, ഫെലിക്സ് പൗലൊസിനെ വരുത്തി അവന്റെ പ്രസംഗം കേൾപ്പാൻ ആഗ്രഹിച്ചു. തന്റെ ജീവനു തന്നെ അപകടമായിരുന്നെങ്കിലും, പൗലൊസ് ഫെലിക്സിന്റെ മനസ്സാക്ഷിയെ ഉണർത്തുകയും, പാപത്തെ കുറിച്ചും നീതിയെക്കുറിച്ചും വരുവാനുള്ള ന്യായവിധിയെ കുറിച്ചും കേട്ടപ്പോൾ, ഫെലിക്സ് തടവുകാരന്റെ മുൻപിൽ ഭയപരവശനായി തീർന്നു. എന്നാൽ അവനെ മാറ്റി, ഇടയ്ക്ക് വല്ലപ്പോഴും വരുവാനായി പറഞ്ഞു; അത് സുവിശേഷം കേൾക്കുന്നതിനായിരുന്നില്ല, മറിച്ച് പൗലൊസിന്റെ മോചനത്തിനായി കൈക്കൂലി ലഭിക്കും എന്ന വിചാരത്താൽ ആയിരുന്നു.

**3. ഫെസ്തോസിന്റെ മുൻപിൽ അവന്റെ പ്രതിരോധം.** – രു വർഷങ്ങൾക്കുശേഷം ഫെലിക്സിന്റെ തെറ്റായ നടപടികൾക്ക് മറുപടി കൊടുപ്പാൻ അവനെ റോമിലേക്കു വിളിക്കുകയും, പൗലൊസിനെ അവൻ തടവിൽ തന്നെ വിട്ടേച്ചുപോവുകയും ചെയ്തു. ഫെലിക്സിനെ തുടർന്നാണ് ഫെസ്തോസ് വരുന്നത്. യഹൂദന്മാർ പൗലൊസിന്റെ വ്യവഹാരം വീും എടുക്കുകയും, അവനെ യെരുശലേമിലേക്ക് കൊുവരാൻ ശ്രമിക്കുകയും ചെയ്തു. അവരുടെ കുറ്റങ്ങളെല്ലാം പൗലൊസ് നിഷേധിച്ചു; ഫെസ്തോസിന്റെ യെരുശലേമിലേക്കു പോകുവാനുള്ള നിർദ്ദേശം, പൗലൊസിന് സിംഹത്തിന്റെ വായിലേക്ക് പോകുന്നതിനു തുല്യമായിരുന്നു, അവൻ പറഞ്ഞു, "*ഞാൻ കൈസരെ അഭയം പ്രാപിക്കുന്നു.*"[1]

ഫെസ്തോസ് പറഞ്ഞു, "നീ കൈസരുടെ അടുക്കൽപോകും."[2]

രുവർഷങ്ങൾക്കു മുൻപ്, കൊരിന്തിൽ വെച്ച്, പൗലൊസ് വിശാലമായ സുവിശേഷീകരണത്തിനു പദ്ധതി ഒരുക്കിയിരുന്നു. അവന്റെ പ്ളാൻ ആദ്യം റോമിലേക്കു പോകുവാനും പിന്നെ സ്പെയിനിലേക്ക് പോകുവാനുമായിരുന്നു (റോമ. 15:23, 24). ഒരിക്കൽ കൂടെ മനുഷ്യന്റെ ദുഷ്ടത ദൈവത്തിന്റെ ഉദ്ദേശവുമായി സഹകരിച്ചുവന്നു. അവൻ പ്രതീക്ഷിച്ചില്ല എങ്കിലും, പൗലൊസ് റോമിലേക്കു പോകുന്നു.

**4. അഗ്രിപ്പാവിന്റെ മുൻപിൽ അവന്റെ പ്രസംഗം.**– പൗലൊസിന്റെ കേസ് ഫെസ്തോസിനെ അമ്പരപ്പിച്ചു. അവനെ കൈസര്യയുടെ മുൻപിലേക്ക് അയ

ക്കേയിരുന്നു, എങ്കിലും നാടുവാഴിക്ക് തടവുകാരനെതിരെ ചുമത്തുവാൻ തീർച്ചയുള്ള കുറ്റമില്ലായിരുന്നു. യെഹൂദന്മാർ അവനിൽ ചുമത്തിയ കുറ്റം അവരുടെ ആചാരപ്രകാരമായിരുന്നു അതിൽ ഫെസ്തോസിന് പരിചയവും ഇല്ലായിരുന്നു. ആ സമയത്താണ് ഹെരോദാവു അഗ്രിപ്പാവു II കൈസര്യ യിൽ പുതിയ നാടുവാഴിയെ അഭിനന്ദിക്കുവാൻ വന്നത്. അഗ്രിപ്പാവ് തന്റെ സ്വന്ത സഹോദരി, ബർണിക്കയുമായി കഴിയുകയായിരുന്നു, അവൾ തന്റെ സഹോദരി ദ്രിസില്ലയെ പോലെ സുന്ദരിയും ബുദ്ധിമതിയും അതേ സമയം സ്വഭാവദൂഷ്യവുമുള്ളവളാണ്. ഒരു യെഹൂദനായ അഗ്രിപ്പാവിന്, ആ കേസിൽ താൽപര്യം തോന്നുകയും, പൗലൊസിനെ, അവന്റെ മുൻപിൽ സംസാരി പ്പാൻ വരുത്തുകയും ചെയ്തു. മുൻപൊരിക്കലും ഇല്ലാതിരുന്ന ഒരു സദ സ്സിനെ യാണ് അവൻ അവിടെ അഭിമുഖീകരിച്ചത്: ഒരു റോമാ നാടുവാഴി; വിശ്വാസഘാതകരായ രു ഹെരോദാവുമാർ, അഗ്രിപ്പാവും അവന്റെ സഹോദരി-ഭാര്യയായ, ബർണിക്കയും; അതോടൊപ്പം മുഖ്യ പട്ടാളവും റോമൻ തലസ്ഥാനത്തിലെ ആഭ്യന്തര ഉദ്യോഗസ്ഥന്മാരും. വീും പൗലൊസ് മുൻപ് ക്രിസ്ത്യാനികളെ ഉപദ്രവിച്ചിരുന്ന സംഭവവും, അവന്റെ പരിവർത്ത നവുമായി ബന്ധപ്പെട്ട വസ്തുതകളും വിവരിച്ചു. അവൻ യെഹൂദനായ, അഗ്രിപ്പയിൽ ലക്ഷ്യം വെച്ചു. അവന്റെ മുഖ്യ ഉദ്ദേശ്യം സുവിശേഷം ദൈവ ത്തിൽനിന്നാണെന്നും, അത് യെഹൂദ തിരുവെഴുത്തുകളിൽ നിറവേറുന്നു വെന്നും വ്യക്തമാക്കുകയാണ്. ജാതിയിൽ പെട്ട, ഫെസ്തോസ്, പൗലൊ സിന്റെ ശ്രമത്തെ തടഞ്ഞ് അത് ബുദ്ധിഭ്രമമാണെന്ന് വരുത്തുവാൻ ശ്രമിച്ചു. എന്നാൽ അഗ്രിപ്പാവോ ക്രിസ്ത്യാനിയായി തീരുവാൻ തന്നെ അവൻ പ്രചോ ദിപ്പിക്കുന്നുവെന്ന ഉറച്ച അഭിപ്രായം രേഖപ്പെടുത്തി. മാന്യനായ പൗലൊസ് മനോഹരമായ ആഗ്രഹത്തോടുകൂടി അവസാനിപ്പിക്കുന്നു; വസ്ത്രവും മോടിയും എല്ലാം പൗലൊസിനു നിസ്സാരമായിരുന്നു; അഗ്രിപ്പാവും, അവിടെ സന്നിഹിതരായിരുന്ന *എല്ലാവരും,* അവനെ പോലെ ആയിരുന്നുവെങ്കിലോ; പിന്നെ, തന്റെ വിലങ്ങുള്ള കൈകളെ നോക്കി, ഇങ്ങനെ പറഞ്ഞു, "ഈ ചങ്ങല ഒഴികെ."[3] ആ തണുത്ത ലോകത്തിലുള്ള ആളുകൾക്ക് സുവിശേ ഷത്തിന്റെ ശക്തിയോട് എതിർത്തുനിൽക്കാനേ കഴിഞ്ഞുള്ളൂ, അവർക്ക് പൗലൊസിന്റെ നിരപരാധിത്വത്തെയും പുരുഷത്വത്തെയും ബഹുമാനിക്കു വാൻ കഴിഞ്ഞില്ല. അവരുടെ തീരുമാനം, "ഈ മനുഷ്യൻ കൈസരെ അഭയം ചെല്ലാതിരുന്നെങ്കിൽ അവനെ വിട്ടയക്കാമായിരുന്നു."[4]

## III. റോമിലേക്കുള്ള കടൽ യാത്ര. (പ്രവൃത്തികൾ 27:1-28:15.)

1. **കപ്പലും സംഘവും.** - പൗലൊസ് കൈസര്യയിൽനിന്ന് അദ്രമിത്യ കപ്പലിൽ, എ.ഡി. 60-ലെ വേനൽക്കാലാവസാനം യാത്ര തിരിച്ചു. രു വിചാ രണ കഴിഞ്ഞ സ്നേഹിതന്മാരും അവനോടൊപ്പം ഉായിരുന്നു. ലൂക്കൊസ് അവനോടുകൂടെ, രുവർഷത്തിനു മുൻപ് ഫിലിപ്പിയ വിട്ട ശേഷം ഉാ യിരുന്നു എന്നു തോന്നുന്നു. ലൂക്കൊസ് തന്റെ സുവിശേഷം എഴുതിയത് പൗലൊസ് കൈസര്യയിൽ തടവിലായിരുന്നപ്പോൾ ആകുവാനാണ് സാധ്യ ത. കുറ്റമെന്താണെന്നു പറഞ്ഞിട്ടില്ലെങ്കിലും, ഒരു സഹ തടവുകാരനായി രുന്ന അരിസ്ത്രഹോസും പൗലൊസിനോടൊപ്പം ഉായിരുന്നു (*ഒ.വാ.* പ്രവൃ ത്തികൾ 19:29; 20:4; 27:2; കൊലൊ. 4:10). ആ സംഘത്തിൽ വേറെയും തട വുകാർ ഉായിരുന്നു, എല്ലാവരും ശതാധിപനായ, യൂലിയാസിന്റെ നിയ

ന്ത്രണത്തിലായിരുന്നു.

**2. മുറയിലേക്കുള്ള ഓട്ടം.** – ഫൊയിനിക്യ തീരത്തുകൂടെ കപ്പൽ സഞ്ചരിച്ച് സീദോനിലെത്തി, അവിടെ പൗലൊസിനെ കടൽക്കരയിൽ പോയി സ്നേഹിതന്മാരെ സന്ദർശിക്കുവാൻ അനുവദിക്കയുായി. സീദോനിൽനിന്ന് നേരിട്ട് അദ്രമുത്യയിലേക്ക് യാത്ര ചെയ്തപ്പോൾ വലത്തുവശത്തുള്ള കുപ്രോസ് കടന്നുപോയി; എന്നാൽ അനുകൂലമല്ലാത്ത കാറ്റടിക്കയാൽ അവർ കുപ്രൊസിനും മുഖ്യ ദ്വീപിനും ചുറ്റും അലയുവാൻ തുടങ്ങി. മുറയിൽ, ആസ്യ ഭൂഖണ്ഡത്തിന്റെ തെക്കു പടിഞ്ഞാറേ തീരത്ത്, അവർ റോമിലേക്ക് ചരക്കുമായി യാത്ര ചെയ്യുന്ന അലെക്സന്ത്രിയ കപ്പൽ കാണുകയും, ചക്രവർത്തി പട്ടണത്തിലേക്ക് അങ്ങനെ കപ്പൽ മാറികയറി പോവുകയും ചെയ്തു.

**3. വലിയ കൊടുങ്കാറ്റ്.** – കടൽതീരം വഴി അവർ യാത്ര ചെയ്ത് വലിയ കാറ്റുകളെ നീദോസ് വരെ നേരിട്ട്, അവർ നേരെ തെക്കോട്ടു തിരിഞ്ഞ് ക്രേത്ത ദ്വീപിന്റെ മറപറ്റി ഓടി. ദക്ഷിണ തീരത്തുകൂടെ പകുതിവഴി എത്തിയപ്പോൾ അവർ ശുഭ തുറമുഖത്തേക്ക് ഓടി. യാത്ര ചെയ്യുവാൻ പറ്റാത്ത കാലം ആകയാൽ സമുദ്ര യാത്ര നീട്ടിവെക്കുവാൻ പൗലൊസ് ഉപദേശിച്ചു; എന്നാൽ കപ്പിത്താന്റെ അഭിപ്രായം അനുസരിച്ച്, അവർ യാത്ര തുടർന്നു, അത് ഭയാനകമായ വടക്കുകിഴക്കൻ കാറ്റിൽ അകപ്പെടുകയും, പതിനാലുദിവസം നിസ്സഹായരായി അവർ ഓടുകയും ചെയ്തു. പൗലൊസ് ഒഴിച്ച് എല്ലാവർക്കും ആശ നഷ്ടപ്പെട്ടു. രാത്രി ഉള്ള ദർശനത്തിൽ ദൈവം അവന് വരുവാനിരിക്കുന്ന അപകടത്തെയും എന്നാൽ സംഘത്തിനു മുഴുവൻ സുരക്ഷിതത്വത്തെയും മുന്നറിയിച്ചു. അങ്ങനെ അവർ മെലീത്താദ്വീപിൽ (മാൾട്ടാ) എത്തി. കപ്പൽ കടൽ തീരത്തിനടുത്ത് താഴുകയാൽ, ഇരുന്നൂറ്റി എഴുപത്തി –ആറ് ആത്മാക്കൾ ഒന്നുകിൽ നീന്തിയോ അല്ലെങ്കിൽ കപ്പലിന്റെ കഷ്ണങ്ങളിൽ കയറിയോ കരയ്ക്കെത്തി.

**4. മിലീത്തയിലെ ശൈത്യം.** – തദ്ദേശവാസികൾ അവരോട് അസാധാരണമായ ദയ കാണിക്കയും, മരവിച്ച കടൽ യാത്രക്കാർക്ക് ചൂടു കിട്ടുവാൻ വിറകു കത്തിക്കുകയും ചെയ്തു. പൗലൊസ്, കപ്പലിലുായിരുന്ന യാത്രക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റത്തക്ക രീതിയിൽ സ്വാധീനമുള്ളവനായിരുന്നു, കരയിലും അവൻ ഉപയോഗമുള്ളവനായി തീർന്നു. അവൻ തീ കത്തിക്കുന്നതിൽ പങ്കു വഹിക്കാതിരുന്നില്ല; അവൻ നാടുവാഴിയായിരുന്ന, പുബ്ലിയോസിന്റെ അപ്പനെ സൗഖ്യമാക്കുകയും, അനേകർ അവന്റെയടുക്കൽ തടിച്ചുകൂടുകയും ചെയ്തു. പൗലൊസ് തന്റെ സംഘത്തോടൊപ്പം വസന്തകാലത്തിൽ പുറപ്പെട്ടപ്പോൾ നടത്തിയ സേവനം അതായിരുന്നു, അതിനാൽ, ദ്വീപുകാർ അവർക്ക് വേ സാധനങ്ങൾ എല്ലാം എത്തിച്ചുകൊടുത്തു.

**5. സമുദ്ര യാത്ര പൂർത്തിയാക്കൽ.** – മറ്റൊരു അലെക്സന്ത്രിയ ധാന്യ കപ്പലിലേക്ക് ചരക്കു കയറ്റുകയും, അത് ദ്വീപിലേക്കു നീക്കി, സുറാക്കോസും ലേജിയവും കടന്ന്, അവസാനം നേപ്പിൾ ഉൾക്കടലായ, പൂത്തോലിയിൽ നങ്കൂരമടിച്ചു. പൂത്തോലി അലെക്സന്ത്രിയ കച്ചവട കപ്പലുകൾക്ക് പ്രവേശിക്കാവുന്ന പടിഞ്ഞാറേ കവാടമായിരുന്നു, മറ്റൊന്ന് തിബര്യയുടെ സമീപമുള്ള, ഓസ്ത്യ ആയിരുന്നു. അവിടെ പൗലൊസ് ശിഷ്യന്മാരെ ക്, അവിടെ നിന്ന് അവൻ റോമിലേക്ക് അപ്പിയൻ വഴിയായ "ക്വീൻ ഓഫ് റോഡ്സ്," വഴിയാണ് പോയത്. അവൻ വരുന്നുവെന്ന് റോമിലെ സഹോദരന്മാർ അറിഞ്ഞ്, അപ്പിയ ചന്തയിലേക്ക് വന്ന് മൂന്നു വഴിയമ്പലങ്ങളും കടന്ന് അവനെ

കാണുവാനായിട്ട് വന്നു. അവൻ തടവുകാരനായിരുന്നുവെങ്കിലും, പൗലൊസ് വിജയകരമായ പ്രദക്ഷിണത്തോടുകൂടെയാണ് റോമിൽ പ്രവേശിച്ചത്.

### IV. റോമിലെ രു വർഷ തടവ്. (പ്രവൃത്തികൾ 28:16-31.)

**1. യെഹൂദന്മാരുമായുള്ള പൗലൊസിന്റെ അഭിമുഖം.** - പൗലൊസിനെ ജാതികളുടെ അപ്പൊസ്തൊലൻ എന്നാണ് അറിയപ്പെട്ടിരുന്നത്. എങ്കിലും അവന്റെ ആദ്യ സന്ദേശം ഉറപ്പായും അവന്റെ യെഹൂദ സഹോദരന്മാരോടായിരുന്നു. അതുകൊ് അവൻ യെഹൂദന്മാരിൽ പ്രമുഖരായവരുടെ അടുക്കലേക്ക് ആളയച്ചു, പട്ടണത്തിൽ അവർ ആയിരക്കണക്കിനു ഉായിരുന്നു. രാമത്തെ യോഗത്തിൽ, പ്രഭാതം മുതൽ രാത്രി വരെ നീുനിന്നിരുന്നതിൽ, അവൻ ദൈവരാജ്യത്തെ കുറിച്ച് സ്പഷ്ടമാക്കി. ഫലമോ, മറ്റു സ്ഥലങ്ങളിലേതുപോലെ, ചിലർ വിശ്വസിച്ചു, എന്നാൽ ഭൂരിഭാഗവും ക്രിസ്തുവിനെ ത്യജിച്ചു; പിന്നെ, മറ്റു സ്ഥലങ്ങളിലേതുപോലെ, പൗലൊസ് ജാതികളിലേക്ക് തിരിഞ്ഞു.

**2. റോമിൽ നിന്നുള്ള പൗലൊസിന്റെ ലേഖനങ്ങൾ.** - റോമിലെ ഈ ആദ്യത്തെ തടവിനിടയിൽ, പൗലൊസ് ചുരുങ്ങിയത് നാലു ലേഖനങ്ങൾ എഴുതി, അവ,:

*a. എഫെസ്യർ, കൊലൊസ്യർ ഫിലേമോൻ.* - ഇതിനുള്ള തെളിവ് (1) എഫെസ്യ ലേഖനവും കൊലൊസ്യ ലേഖനവും കൊുപോയത് തിഹിക്കോസ് ആയിരുന്നു (എഫെ. 6:21, 22; കൊലൊ 4:7, 8). (2) ഫിലെമോന്റെ ലേഖനം ഒനേസിമോസാണ് കൊുപോയത് (ഫിലേ. 10-12). (3) രുപേരും ഒരുമിച്ചു യാത്ര ചെയ്തു (കൊലൊ. 4:7-9). (4) പൗലൊസ് ഒരു തടവുകാരനായിരുന്നു (എഫെ. 3:1). (5) കൈസര്യയിലും റോമിലുമായിരുന്നു പൗലൊസിന്റെ ദൈർഘ്യമേറിയ തടവുകൾ. പിന്നെ അവൻ റോമിലേക്കു പോവുകയായിരുന്നു; ഇപ്പോൾ അവൻ മോചിതനായി ഫിലേമോനെ കാണുവാൻ ആഗ്രഹിക്കുന്നു (ഫിലേ. 22).

*b. ഫിലിപ്പിയർ.* - അകമ്പടിപ്പട്ടാളമെന്ന അവന്റെ പ്രയോഗം കാണിക്കുന്നത് അവൻ റോമിൽനിന്ന് എഴുതി എന്നാണ് (1:13).

*c. എബ്രായർക്ക് എഴുതിയ ലേഖനം.* - എബ്രായർക്ക് എഴുതിയതിന്റെ കർത്താവാരെന്ന് സംശയമാണ്. അത് പൗലൊസ് ആണെങ്കിൽ, അത് ഒരു പക്ഷെ ഈ കാലയളവിൽ എഴുതിയതാവാം.

**3. പൗലൊസിന്റെ റോമിലെ സുവിശേഷ വേലകൾ.** - പൗലൊസ് റോമിലും അടങ്ങിയിരുന്നില്ല. അവൻ ഒരു വീട് വാടകക്കെടുത്ത് താമസിക്കുകയും, തന്റെ അടുക്കൽ വന്നവരെ ഒക്കെയും സ്വീകരിക്കുകയും ചെയ്തു. എങ്കിലും, പകലും രാവും, അവൻ ഒരു പടയാളിയോട് ബന്ധിക്കപ്പെട്ടിരുന്നു. എന്നാൽ ആത്മാക്കൾക്കുവേിയുള്ള ക്രിസ്തുവിനെ-പോലെയുള്ള അവന്റെ ഉൽക്കണ്ഠ ശമിപ്പിക്കുവാൻ ചങ്ങലകൾക്കായില്ല. ഈ കാലയളവിൽ എഴുതിയ ലേഖനങ്ങൾ വിവരിക്കുന്നത് അവന്റെ ഫലപ്രദമായ വേലകളെയാണ്. സുവിശേഷത്തിന്റെ വ്യാപ്തിക്കായി അവന്റെ ചങ്ങലകൾ ഒഴിവായിരുന്നു (ഫിലി. 1:12); കൈസരുടെ ഭവനത്തിലും (ഫിലി. 4:22), അകമ്പടി പട്ടാളക്കാരിൽപെട്ട പടയാളികൾക്കിടയിൽ പോലും (ഫിലി. 1:13), അവരിൽ ധാരാളം പേരും, പിന്നെ അവനെ തടവുകാരനായി, ചങ്ങലയിട്ടവൻ പോലും പരിവർത്തനം ചെയ്തിരുന്നു. അവനോടൊപ്പമുായിരുന്ന സജാ

തീയരായ ഉദ്യോഗസ്ഥരും ഭക്തരായി തീരുന്നതും, അവൻ മുഖാന്തിരം അനേക മടങ്ങ് പുരുഷാരം സുവിശേഷം അനുസരിച്ചതായും കാണാം. അവരിൽപെട്ടവരായിരുന്നു *തിമൊഥെയൊസും ലൂക്കൊസും അരിസ്തർഹോസും എപ്പഫ്രോസും*, *മർക്കൊസു* പോലും, മർക്കൊസ് പ്രാരംഭദിവസങ്ങളിൽ "സുവിശേഷ വേലക്കായി അവനോടൊപ്പം ചേർന്നു."[5] അവിടെവെച്ച് ലൂക്കൊസിന്റെ സംഭവം നിന്നുപോകയാണ്, ലോകത്തിന്റെ മഹത്തായ തലസ്ഥാനത്ത് വിശാലവും ഉറപ്പുമുള്ള അടിസ്ഥാനത്തിന്മേൽ സുവിശേഷത്തെ നടുവാനായി പൗലൊസിനെ വിടുകയും, അത് സാമ്രാജ്യത്തിന്റെ ഏറ്റവും ഉൾപ്രദേശത്തേക്ക് വ്യാപിക്കുവാനും ഇടയായി.

---

കുറിപ്പുകൾ

[1]പ്രവൃത്തികൾ 25:11. [2]പ്രവൃത്തികൾ 25:12. [3]പ്രവൃത്തികൾ 26:29. [4]പ്രവൃത്തികൾ 26:32. [5]പ്രവൃത്തികൾ 15:38.